പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4511 28.06.2012 ൽ മറുപടിക്ക്

## കോഴിക്കോട് നഗരത്തിലെ മോണോ റെയിൽ പദ്ധതി

**ചോദ്യം**

ശ്രീ. കെ. എൻ. എ. ഖാദർ :

എ) കോഴിക്കോട് നഗരത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന മോണോ റെയിൽ പദ്ധതി കോഴിക്കോട് വിമാനത്താവളം സ്ഥിതി ചെയ്യുന്ന കരിപ്പൂർ വരെ നീട്ടണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

ബി) ഉണ്ടെങ്കിൽ ആയതിനാവശ്യമായ നടപടി സ്വീകരിക്കുമോ ;

സി) മോണോ റെയിൽ പദ്ധതിയുടെ പ്രവർത്തനം എപ്പോൾ മുതൽ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

ഡി) ഈ പദ്ധതിയെക്കുറിച്ച് വിശദീകരിക്കാമോ ?

**ഉത്തരം**

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്
(പൊതുമരാമത്ത് വകുപ്പു മന്ത്രി)

(എ) ഉണ്ട്.

(ബി) കോഴിക്കോട് മോണോ റെയിൽ പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയാക്കിയ ശേഷം ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(സി) പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ചു വരുന്നു. പദ്ധതിക്ക് ഭരണാനുമതിയും നൽകി ആവശ്യമായ സാമ്പത്തിക ലഭ്യതയും ഉറപ്പാക്കി ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) കോഴിക്കോട് നഗരത്തിലെ ഗതാഗത കുരുക്ക് ഗണ്യമായി പരിഹരിക്കാനുതകുന്നതാണ് ഈ പദ്ധതി. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഡൽഹി മെട്രോ റയിൽ കോർപ്പറേഷൻ (ഡി.എം.ആർ.സി) 19.06.2012 - ന് സംസ്ഥാന സർക്കാറിന് സമർപ്പിച്ചു. മെഡിക്കൽ കോളേജ് മുതൽ മീഞ്ചന്തവരെ 14.2 കി.മീ. ദൈർഘ്യമാണ് ആദ്യഘട്ടമായി ഏറ്റെടുക്കുന്നത്. എം.സി. ഹോസ്റ്റൽ, മെഡിക്കൽ കോളേജ്, ചേവായൂർ,

തൊണ്ടയാട്, കോട്ടൂളി, ന്യൂ ബസ്സ്റ്റാന്റ്, കെ.എസ്.ആർ.ടി.സി, മാനാഞ്ചിറ, പാളയം, റെയിൽവേ സ്റ്റേഷൻ, പുഷ്പ, കല്ലായി, പന്നിയൻകര, വട്ടക്കിണർ, മീഞ്ചന്ത എന്നീ 15 സ്റ്റേഷനുകളാണ് ഒന്നാം ഘട്ടത്തിൽ ഉണ്ടാവുക. ഏകദേശം 1832 കോടി രൂപ അടങ്കൽ പ്രതീക്ഷിക്കുന്ന ഒരു ബ്രഹത് പദ്ധതിയാണിത്. പദ്ധതി അടങ്കലിന്റെ 20% ഉം കേന്ദ്ര നികുതികളുടെ 50% ഉം കേന്ദ്ര സർക്കാരിൽ നിന്ന് ഗ്രാന്റായി പ്രതീക്ഷിക്കുന്നു. പദ്ധതി നടപ്പാക്കുന്നതിനായി സർക്കാർ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കാനുള്ള നടപടി ആരംഭിച്ചു കഴിഞ്ഞു.

സെക്ഷൻ ഓഫീസർ